# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2146

06.10.2016-ൽ മറുപടിക്ക്

## ആധാരം എഴുത്തുകാർക്ക് പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി. ദിവാകരൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ആധാരം എഴുത്തുകാർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) ആധാരം എഴുത്തുകാർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. എന്നാലത് പരിഷ്കരിച്ചിട്ടില്ല. പരിഷ്കരിക്കണം. |
| ബി) പെൻഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ അത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ? | ബി) കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധിയിൽ 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള ഒരംഗം തൊഴിൽ അവസാനിപ്പിച്ചാൽ അദ്ദേഹത്തിന് പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കും.<br>ഏറ്റവും കുറഞ്ഞ പ്രതിമാസ പെൻഷൻ 550 രൂപയാണ്. ആദ്യ വർഷം മുതൽ 25 വർഷം വരെയുള്ള അംഗത്വ കാലയളവിൽ, പൂർത്തിയാക്കിയ ഓരോ വർഷത്തിനും 30 രൂപ വീതം അധികം ലഭിക്കുന്നതാണ്.<br>അപ്രകാരം ഒരംഗത്തിന് പരമാവധി 1000 രൂപ വരെ പെൻഷൻ ലഭിക്കുന്നതാണ്. അപേക്ഷാ ഫോറം നമ്പർ 12 ൽ ആയിരിക്കേണ്ടതും |

അപേക്ഷയോടൊപ്പം അംഗത്വ സർട്ടിഫിക്കറ്റ്, സബ് രജിസ്ട്രാർ, ജില്ലാ രജിസ്ട്രാർ, അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറി എന്നിവരുടെ ശുപാർശ, ലൈസൻസ് (അസ്സൽ) എന്നിവ സമർപ്പിക്കേണ്ടതാണ്. ലൈസൻസ് ബന്ധപ്പെട്ട അധികാരിയെ തിരിച്ചേൽപ്പിക്കുന്ന തീയതിയുടെ അടിസ്ഥാനത്തിൽ പെൻഷൻ കണക്കാക്കുന്നതാണ്.

25 വർഷത്തെ അംഗത്വം പൂർത്തിയാക്കിയ ശേഷം വിരമിക്കുന്ന അംഗത്തിന് പരമാവധി പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. പ്രത്യേക പെൻഷൻ (ഫോറം നം.13) ക്ഷേമനിധി ആക്ടിന്റെ പ്രാരംഭ തീയതിക്കു മുമ്പ് 65 വയസ് പൂർത്തിയാക്കിയിട്ടുള്ളതും 25 വർഷത്തിൽ കുറയാതെ ആധാരമെഴുത്തുകാരനോ, പകർപ്പെഴുത്തുകാരനോ, സ്റ്റാമ്പ് വെണ്ടറോ ആയിരുന്നതുമായ ഒരാളിന് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം അംഗമായി ഒരു വർഷക്കാലം അംശദായം അടച്ചാൽ പ്രത്യേക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. പ്രത്യേക പെൻഷൻ 1000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

അംഗത്വ സർട്ടിഫിക്കറ്റ്, അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറി, സബ് രജിസ്ട്രാർ, ജില്ലാ രജിസ്ട്രാർ

എന്നിവരുടെ ശുപാർശ കത്ത്, ലൈസൻസ് എന്നിവ ആവശ്യമാണ്.

കുടുംബ പെൻഷൻ (ഫോറം നം,14)

10 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള അംഗം മരിച്ചു പോയാൽ അയാളുടെ ആശ്രിതന് കുടുംബ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്. ആശ്രിതൻ എന്ന നിർവ്വചനത്തിൽ പറഞ്ഞ ക്രമത്തിൽ കുടുംബ പെൻഷനുള്ള മുൻഗണനാക്രമം നിശ്ചയിക്കേണ്ടതും, ആശ്രിതരിൽ ഒരാൾക്കു മാത്രമേ ഒരു സമയം കുടുംബ പെൻഷന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഒരാൾക്ക് അർഹത നഷ്ടപ്പെട്ടാൽ അർഹതയുള്ള അടുത്തയാൾക്ക് പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന അംഗമോ, പ്രത്യേക പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ ആശ്രിതർക്ക് അഥവാ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല. കുടുംബ പെൻഷൻ 500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

കുടുംബ പെൻഷനുള്ള അപേക്ഷയോടൊപ്പം അംഗത്തെ സംബന്ധിക്കുന്ന ജനന-മരണ രജിസ്ട്രാർ നൽകുന്ന മരണ സർട്ടിഫിക്കറ്റ്, അപേക്ഷകന് മരണപ്പെട്ട അംഗവുമായുള്ള ബന്ധം സംബന്ധിച്ച റവന്യൂ അധികാരി നൽകുന്ന

സർട്ടിഫിക്കറ്റ്, സബ് രജിസ്ട്രാർ, ജില്ലാ രജിസ്ട്രാർ, അംഗീകൃത ജില്ലാ സെക്രട്ടറി എന്നിവരുടെ ശുപാർശ, അംഗത്വ സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

**സെക്ഷൻ ഓഫീസർ**